**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2944** **14-02-2024 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പട്ടികജാതി കോളനികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത കോളനികളിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ; | (ബി) | മറുപടി (എ ) പിരിവിൽ ചേർത്തിട്ടുണ്ട് |
| (സി) | പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | നിലവിൽ പദ്ധതി നടന്നുവരുന്ന വലിയപറമ്പ് കോളനിയിലെ പ്രവൃത്തികൾ 2024 മാർച്ച് 31 -നകം പൂർത്തീകരിക്കുമെന്ന് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

| ക്രമ നം | കോളനി | വർഷം | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | ഈസ്റ്റ് മഞ്ഞനക്കാട് കോളനി | 2018-19 | ടി കോളനിയെ 2018-19 വർഷത്തെപദ്ധതിയിൽ നിന്നും റദ്ദ്ചെയ്ത് 2 0 2 3 - 2 4 വർഷത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 2 | വലിയപറമ്പ് കോളനി | 2021-22 | റോഡ് നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 3 | ഐ.എച്ച്.ഡി.പി. കോളനി | 2021-22 | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. |
| 4 | പുളിക്കത്തറ കോളനി | 2022-23 | ഉൾപ്പെടുത്തേണ്ട പ്രവർത്തികൾ സംബന്ധിച്ച് പ്രാഥമിക യോഗം ചേർന്നിട്ടുണ്ട്. |
| 5 | തേങ്ങാത്തറ കോളനി | 2023-24 | പ്രസ്തുത കോളനിയെ 2023-24 വർഷത്തെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |